2026
JANUARY
19
MONDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# ഇന്ത്യയിലെ ഏറ്റവും വലിയ ട്രാൻസ്ഷിപ്മെന്റ് ഹബ്ബ് ആകാൻ വിഴിഞ്ഞം

**തിരുവനന്തപുരം:** ഇന്ത്യയിലെ ഏറ്റവും വലിയ ട്രാൻസ്ഷിപ്മെന്റ് ഹബ് ആകാനുള്ള വികസന പ്രവർത്തനങ്ങളിലേക്കു കടന്ന് വിഴിഞ്ഞം രാജ്യാന്തര തുറമുഖം. ഇപ്പോഴുള്ളതിന്റെ അഞ്ചിരട്ടി കണ്ടെയ്നർ കൈകാര്യം ചെയ്യാനുള്ള ശേഷിയാണ് 3 വർഷത്തിനുള്ളിൽ കൈവരിക്കുക. 2028ൽ പൂർത്തിയാകുന്ന 10,000 കോടി രൂപയുടെ രണ്ടാംഘട്ട വികസനം പൂർത്തിയാകുമ്പോൾ വാർഷിക കണ്ടെയ്നർ കൈകാര്യം ചെയ്യൽ ശേഷി 10 ലക്ഷം ടിഇയുവിൽ നിന്ന് 50 ലക്ഷം ടിഇയു (ട്വന്റി ഫീറ്റ് ഇക്വലെന്റ് യൂണിറ്റ്) ആയി വർധിക്കും. എസ്റ്റിമേറ്റിനെക്കാൾ കൂടുതൽ തുകയുടെ വികസനം വിഴിഞ്ഞത്തുണ്ടാകും. 24ന് ഒദ്യോഗിക ഉദ്ഘാടനം നടക്കുമെങ്കിലും കഴിഞ്ഞ നവംബറിൽ തന്നെ വിഴിഞ്ഞം രണ്ടാംഘട്ടത്തിന്റെ നിർമാണ ജോലികൾ ആരംഭിച്ചു കഴിഞ്ഞു.



രണ്ടാംഘട്ട വികസനം വിഴിഞ്ഞം തുറമുഖത്തെ സാധാരണ കണ്ടെയ്നർ ടെർമിനൽ എന്നതിനപ്പുറം കയറ്റുമതി, ഇറക്കുമതി രംഗങ്ങളിൽ മേൽക്കൈ നേടാൻ പര്യാപ്തമാക്കും. അതിനുള്ള കസ്റ്റംസ് അനുമതികൾ അവസാനഘട്ടത്തിലാണ്. ഒരു മാസത്തിനുള്ളിൽ ഇവ ലഭിക്കുമെന്നാണു പ്രതീക്ഷ. അതോടെ, രാജ്യത്ത് ഇറക്കുമതി ചെയ്യേണ്ട കണ്ടെയ്നറുകൾ എത്തിക്കാനും ഇവിടെ നിന്നു കണ്ടെയ്നറുകൾ കയറ്റുമതി ചെയ്യാനും കഴിയും. റോഡ് മാർഗമുള്ള കണ്ടെയ്നർ നീക്കവുമുണ്ടാകും. ക്രൂസ് ടെർമിനൽ കൂടി വരുന്നതോടെ വൻകിട യാത്രാ കപ്പലുകൾക്കും വിഴിഞ്ഞത്ത് അടുക്കാനാകും. കേരളത്തിലെ വിനോദസഞ്ചാര രംഗത്ത് വലിയ കുതിപ്പേകുന്നതിനൊപ്പം സാമ്പത്തിക വളർച്ചയ്ക്കും വഴിയൊരുങ്ങും.

രണ്ടാം ഘട്ടത്തിൽ നിർമിക്കുന്ന ലിക്വിഡ് ടെർമിനൽ പൂർത്തിയാകുന്നതോടെ വൻ കപ്പലുകൾക്ക് ദീർഘദൂര യാത്രയ്ക്കിടയിൽ ഇന്ധനം നിറയ്ക്കാൻ വിഴിഞ്ഞം തുറമുഖത്തേക്ക് എത്താം.

നിലവിൽ വമ്പൻ തുറമുഖങ്ങളിൽ മാത്രമേ ഈ സൗകര്യമുള്ളൂ. ഇത് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ കാര്യമായി സഹായിക്കും. തെക്കു കിഴക്കൻ ഏഷ്യയിൽ നിന്ന് യൂറോപ്പിലേക്കും തിരിച്ചുമുള്ള യാത്രയ്ക്കിടയിൽ രാജ്യാന്തര കപ്പൽ പാതയ്ക്കു സമീപത്തുനിന്ന് ഇന്ധനം നിറയ്ക്കാൻ സൗകര്യമുള്ളതിനാൽ കൂടുതൽ കപ്പലുകൾ വിഴിഞ്ഞത്തെ ആശ്രയിക്കും.

## 22,290 കോടി രൂപയുടെ ലാഭം നേടി റിലയൻസ് ഇൻഡസ്ട്രീസ്

**കൊച്ചി/മുംബൈ:** ഈ സാമ്പത്തിക വർഷത്തിലെ മൂന്നാംപാദ ഫലങ്ങൾ പുറത്തുവിട്ട് റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡ്. വരുമാനത്തിൽ 10 ശതമാനത്തിന്റെ ഗണ്യമായ വളർച്ചയാണ് റിലയൻസ് രേഖപ്പെടുത്തിയത്. ഒ2സി (ഓയിൽ ടു കെമിക്കൽസ്), ജിയോ വിഭാഗങ്ങൾ വളർച്ചയ്ക്ക് കരുത്തേകിയെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. 293,829 കോടി രൂപയുടെ ഏകീകൃത വരുമാനമാണ് കമ്പനി നേടിയത്. നികുതിക്ക് ശേഷമുള്ള ഏകീകത അറ്റാദായമാകട്ടെ 22,290 കോടി രൂപയും. മൂന്നാം പാദത്തിൽ റിലയൻസ് നടത്തിയ 33,826 കോടി രൂപയുടെ മൂലധനച്ചെലവ്, തങ്ങളുടെ 41,303 കോടി രൂപയുടെ ക്യാഷ് പ്രോഫിറ്റിലൂടെ തന്നെ കണ്ടെത്താൻ സാധിച്ചു എന്നത് കമ്പനിയുടെ ആഭ്യന്തര സാമ്പത്തിക കരുത്തിനെയാണ് കാട്ടുന്നത്. ജിയോ, റീട്ടെയിൽ വിപുലീകരണങ്ങൾക്കും നവഊർജ പദ്ധതികൾക്കുമായാണ് ഈ വലിയ നിക്ഷേപം നടത്തിയത്. കടബാധ്യതകൾ നിയന്ത്രിക്കുന്നതിലും കമ്പനി വിജയിച്ചു. സെപ്റ്റംബർ പാദത്തിൽ 118,545 കോടി രൂപയായിരുന്ന അറ്റകടം ഡിസംബർ അവസാനത്തോടെ 117,102 കോടി രൂപയായി കുറഞ്ഞു. മൂലധന നിക്ഷേപങ്ങളെ വരുമാനമാക്കി മാറ്റുന്നതിൽ ജിയോ പ്ലാറ്റ്ഫോംസ് മികച്ച പ്രകടനമാണ് കാഴ്ചവെക്കുന്നത്. 5ജി സേവനങ്ങളുടെ വ്യാപനവും വർദ്ധിച്ചുവരുന്ന വരിക്കാരുടെ എണ്ണവും ജിയോയുടെ ലാഭക്ഷമത വർദ്ധിപ്പിച്ചു. ഡിജിറ്റൽ സേവനങ്ങളിൽ നിന്നുള്ള വരുമാനം 12.7% വളർച്ചയോടെ 43,683 കോടി രൂപയിലെത്തി.



## രണ്ടാം ധവളവിപ്ലവത്തിന് ക്ഷീരകർഷകർ സജ്ജരാകണം: കേന്ദ്രമന്ത്രി ജോർജ് കുര്യൻ

### മിൽമ എൻഡിഡിബി കാഫ് ലാബ് ഉദ്ഘാടനം ചെയ്തു

**കൊച്ചി:** നാഷണൽ ഡയറി ഡെവലപ്പ്മെന്റ് ബോർഡ് (എൻഡിഡിബി), കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ (മിൽമ) എന്നിവയുടെ സംയുക്ത സംരംഭമായ എൻ.ഡി.ഡി.ബി കാഫ് ഭക്ഷ്യപരിശോധനാ ലബോറട്ടറി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്തു. പ്രധാനമന്ത്രി പ്രഖ്യാപിച്ച രണ്ടാം ധവളവിപ്ലവത്തിന് സംസ്ഥാനത്തെ ക്ഷീരകർഷകരെ സജ്ജരാക്കാൻ മിൽമയടക്കമുള്ള സ്ഥാപനങ്ങൾ മുൻകയ്യെടുക്കണമെന്ന് അദ്ദേഹം പറഞ്ഞു. അന്താരാഷ്ട്ര നിലവാരത്തിലുള്ള എൻഡിഡിബി കാഫ് ലാബ് കേരളത്തിന് ലഭിച്ചുവെന്നത് കേരളത്തിലെ ക്ഷീരകർഷകരുടെ വിജയമാണെന്ന് ജോർജ്ജ് കുര്യൻ ചൂണ്ടിക്കാട്ടി. എട്ടു കോടി രൂപ ചെലവിൽ പൂർണമായും കേന്ദ്രഫണ്ട് ഉപയോഗിച്ചാണ് ലാബ് യാഥാർഥ്യമാക്കിയത്. രണ്ടാം ധവളവിപ്ലവത്തിന് രാജ്യം തയ്യാറെടുക്കുമ്പോൾ എല്ലാ സംസ്ഥാനങ്ങളിലെയും ക്ഷീരസഹകരണ മേഖലകൾ തമ്മിൽ ആരോഗ്യകരമായ മത്സരം ഉണ്ടാകും. അതിൽ കേരളത്തിന് മുന്നിലെത്താൻ സാധിക്കുമെന്ന പ്രതീക്ഷയും അദ്ദേഹം പങ്കു വച്ചു. ക്ഷീരകർഷക മേഖലയെ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ഹൈബി ഈഡൻ എം.പി പറഞ്ഞു. പുതിയ നിയമഭേദഗതിയ്ക്ക് ശേഷം ഇത് സംസ്ഥാന സർക്കാരിന് തീരുമാനിക്കാം. ഈ വിഷയത്തിൽ മിൽമയ്ക്ക് സംസ്ഥാന സർക്കാരിൽ സമ്മർദ്ദം ചെലുത്താനാകുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

മിൽമ ഫെഡറേഷൻ ചെയർമാൻ കെ.എസ് മണി, ഇആർസിഎംപിയു ചെയർമാൻ സി.എൻ വത്സലൻ പിള്ള തുടങ്ങിയവർ പ്രസംഗിച്ചു. കളമശേരി മുൻസിപ്പൽ ചെയർമാൻ ജമാൽ മണക്കാടൻ, മിൽമ എം.ഡി ആസിഫ് കെ. യൂസഫ്, എൻ.ഡി.ഡി.ബി കാഫ് എം. ഡി ഡോ. രാജേഷ് നായർ, ടി.ആർ.സി.എം.പി.യു ചെയർപേഴ്സൺ മണി വിശ്വനാഥ്, ഇ.ആർ.സി.എം.പി.യു എം.ഡി വിൽസൺ ജെ. പുറവക്കാട്ട്, എം.ആർ.സി.എം.പി.യു എം.ഡി കെ. സി ജെയിംസ് തുടങ്ങിയവർ സംബന്ധിച്ചു.

ഐഎസ്ഒ/ഐഇസി 17025 അംഗീകാരമുള്ള ഈ ലബോറട്ടറിക്ക് എൻ.എ.ബി.എൽ, എഫ്.എസ്.എസ്.എ.ഐ തുടങ്ങിയ ഏജൻസികളുടെ അംഗീകാരവുമുണ്ട്. ആധുനിക അനലിറ്റിക്കൽ സൗകര്യങ്ങളും വിദഗ്ധരായ ശാസ്ത്രജ്ഞരുമുള്ള ലാബിൽ പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും മൈക്രോബയോളജി, വെറ്റ് കെമിസ്ട്രി, റെസിഡ്യൂസ് ആൻഡ് കണ്ടാമിനന്റ്സ് തുടങ്ങിയ സമഗ്രമായ പരിശോധനകൾ ലഭ്യമാണ്.






# ഇന്നത്തെ പരിപാടികൾ

**കൊച്ചി**

- **എറണാകുളം മറൈൻ ഡ്രൈവ്:** തദ്ദേശസ്ഥാപന തിരഞ്ഞെടുപ്പിൽ വിജയിച്ച കോൺഗ്രസ് പ്രതിനിധികളെ ആദരിക്കൽ വിജയോൽസവം മഹാ പഞ്ചായത്ത് ഉദ്ഘാടനം രാഹുൽ ഗാന്ധി ഉച്ചയ്ക്ക് 02 ന്
- **എറണാകുളം ടി.കെ രാമകൃഷ്ണൻ സ്മാരക സാംസ്കാരിക കേന്ദ്രം:** പി. എഫ് പെൻഷനേഴ്സ് അസോസിയേഷൻ ജില്ലാ വാർഷികാഘോഷം വൈകുന്നേരം 04.00 ന്

**തൃക്കാക്കര**

- **തൃക്കാക്കര എം ലീലാവതി ടീച്ചറിന്റെ വസതി:** പ്രിയദർശിനി സാഹിത്യപുരസ്ക്കാര എം. ലീലാവതിക്ക് ടീച്ചർക്ക് സമർപ്പണം രാഹുൽഗാന്ധി രാവിലെ 10 ന്

**കാക്കനാട്**

- കേന്ദ്രീയഭവൻ കോൺഫറൻസ് ഹാൾ – സി ഐ എസ് എഫ് സൈക്ലത്തോൺ 2026 വാർത്താ സമ്മേളനം – ഉച്ചയ്ക്ക് 12ന്.

**കളമശേരി**

- **പത്തടിപ്പാലം പിഡബ്ല്യൂഡി ഹാൾ :** അയേൺ ഫാബ്രിക്കേഷൻ അസോ. കൺവൻഷൻ – രാവിലെ 9.30ന്.
- ഏലൂർ പാട്ടുപുര കവല : ഇ ബാലാനന്ദൻ, അബ്ദുറസാഖ് അനുസ്മരണ ദിനം – രാവിലെ 8ന്.

**പറവൂർ**

- **പുതിയകാവ് ഗവ. ഹയർ സെക്കൻഡറി സ്കൂൾ :** എച്ച്എസ്ടി മാത്സ്, ഹിന്ദി അധ്യാപക ഒഴിവിലേക്കും, ക്ലർക്കിന്റെ ഒഴിവുകളിലേക്കുമുള്ള അഭിമുഖം – ഉച്ചയ്ക്ക് 2ന്.
- **ദക്ഷിണമൂകാംബിക ക്ഷേത്രം :** തിരുവുത്സവം – ഡബിൾ തായമ്പക, ഭക്തിഗാനസുധ – വൈകിട്ട് 6 മുതൽ.

**അങ്കമാലി**

- കളമ്പാട്ടുപുരം തിരുഹൃദയപള്ളി – തിരുനാൾ – ഫ്ളവേഴ്സ് കേരള അവതരിപ്പിക്കുന്ന വർണം 2026 മെഗാഷോ – വൈകിട്ട് 7ന്.

**കാഞ്ഞൂർ**

- കാഞ്ഞൂർ സെന്റ് മേരീസ് ഫൊറോന പള്ളി: വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുന്നാൾ പുലർച്ചെ 05. 30 മുതൽ

## ശബരിമല സ്വർണ്ണക്കൊള്ള സി.ബി.ഐ അന്വേഷിക്കണം; ശബരിമല കർമ്മസമിതിയുടെ പ്രതിഷേധ സമരം ഇന്ന്

**കൊച്ചി:** ശബരിമല സ്വർണ്ണക്കൊള്ള സിബി ഐ അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ശബരിമല കർമ്മ സമിതി പ്രക്ഷോഭത്തിലേക്ക് ഇക്കാര്യം ആവശ്യപ്പെട്ട് കർമ്മസമിതിയുടെ നേതൃത്വത്തിൽ ഇന്ന് തിരിവനന്തപുരം സെക്രട്ടറിയേറ്റിനു മുന്നിലേക്ക് മാർച്ചും ധർണ്ണ നടത്തുമെന്ന് വിശ്വ ഹിന്ദു പരിഷത്ത് , ക്ഷേത്രസംരക്ഷണ സമിതി , ഹിന്ദു ഐക്യവേദി, ശബരിമല അയ്യപ്പ സേവാസമാജം എന്നിവയുടെ സംയുക്ത സമിതിയായ ശബരിമല കർമ്മ സമിതി നേതാക്കൾ പറഞ്ഞു. രാവിലെ 10 ന് ആരംഭിക്കുന്ന സമരം വിശ്വ ഹിന്ദു പരിഷത്ത് അന്തർ ദേശീയ പ്രസിഡന്റ് അലോക് കുമാർ ഉദ്ഘാടനം ചെയ്യും. ശബരിമല സ്വർണ്ണക്കൊള്ളക്കേസിന്റെ അന്വേഷണം വഴിമുട്ടിയെന്ന് സുപ്രിം കോടതി പരാമർശിച്ച സാഹചര്യത്തിൽ അന്വേഷണം സി. ബി. ഐയ്ക്ക് കൈമാറണം. കേസിൽ ദുരൂഹത തുടരുന്നതിനൊപ്പം പാർട്ടി ദേശീയ നേതാക്കൾ പ്രതികളുമായി ബന്ധം പുലർത്തിയതിന്റെ ചിത്രങ്ങളും ദൃശ്യങ്ങളും പുറത്തു വന്നു കഴിഞ്ഞു. അന്താരാഷ്ട്ര വിഗ്രഹക്കടത്തുകാർക്ക് ശബരിമല സ്വർണ്ണക്കൊള്ളയുമായി ബന്ധമുണ്ടെന്ന ആരോപണങ്ങളും ഉയർന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ സി.ബി.ഐ അന്വേഷണം അനിവാര്യമാണെന്നും ശബരിമല കർമ്മ സമിതിനേതാവും വിഎച്ച്പി സംസ്ഥാന പ്രസിഡന്റുമായ വി ജി തമ്പി, ഹിന്ദു ഐക്യവേദി സംസ്ഥാന സെക്രട്ടറി സന്ദീപ് തമ്പാനൂർ, കേരള ക്ഷേത്ര സംരക്ഷണ സമിതി സംസ്ഥാന പ്രചാർ പ്രമുഖ് ഷാജു വേണുഗോപാൽ, അയ്യപ്പ സേവാ സമാജം സംസ്ഥാന സെക്രട്ടറി അഡ്വ. ഗീതാകുമാരി എന്നിവർ വ്യക്തമാക്കി.

## ജില്ലാ വിജിലൻസ് കമ്മിറ്റിയോഗം ചേർന്നു

**കൊച്ചി:** അഴിമതി പൂർണ്ണമായി തുടച്ചുനീക്കുന്നതിന് പൊതുജനങ്ങളുടെ സഹകരണം കൂടി ആവശ്യമാണെന്ന് ജില്ലാ വിജിലൻസ് കമ്മിറ്റി യോഗം. അഴിമതി നടക്കുന്ന തരത്തിലേയ്ക്ക് കാര്യങ്ങളെ എത്തിക്കാതിരിക്കാൻ പൊതുജനങ്ങൾ ശ്രമിക്കുകയും അഴിമതി ചെയ്യില്ല എന്ന് ഉദ്യോഗസ്ഥർ തീരുമാനിക്കുകയും ചെയ്യുമ്പോഴാണ് അഴിമതി പൂർണമായി ഇല്ലാതാകുകയെന്നും യോഗത്തിൽ അഭിപ്രായം ഉയർന്നു.

എല്ലാ സർക്കാർ സ്ഥാപനങ്ങളിലും ഓഫീസ് മേധാവിയുടെ ഫോൺ നമ്പറുകൾ പ്രദർശിപ്പിക്കണമെന്നും യോഗം നിർദേശിച്ചു. അഡീഷ്ണൽ ജില്ലാ മജിസ്ട്രേറ്റ് വിനോദ് രാജിന്റെയും, എറണാകുളം വിജിലൻസ് യൂണിറ്റ് ഡി.വൈ.എസ്.പി ടി.എം വർഗീസ് എന്നിവരുടെയും നേതൃത്വത്തിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ 5 പരാതികൾ തീർപ്പാക്കി. പുതിയതായി 9 പരാതികൾ ലഭിച്ചു.



എറണാകുളം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച "എം.ടി.ച്ച് റോബോ സമ്മിറ്റ് " കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് സി.എസ് ഡയസ് ഉദ്ഘാടനം ചെയ്യുന്നു. ഡോ. പി.വി തോമസ്, ഡോ. പി.വി ലൂയിസ്, ഡോ. സച്ചിൻ ജോസഫ് എന്നിവർ സമീപം

# അറിവ് പകർന്ന് എം.ടി.എച്ച് റോബോ സമ്മിറ്റ്

### ആധുനിക സാങ്കേതിക വിദ്യകൾ ചികിൽസയ്ക്ക് സഹായകരം: ജസ്റ്റിസ് സി.എസ് ഡയസ്

**കൊച്ചി:** ആധുനിക വൈദ്യശാസ്ത്രരംഗത്തിന് വലിയ പ്രതീക്ഷ നൽകുന്നതാണ് റോബോട്ടിക് സർജറിയെന്ന് കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് സി.എസ് ഡയസ് പറഞ്ഞു. എറണാകുളം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച "എം.ടി.എച്ച് റോബോ സമ്മിറ്റ് " എറണാകുളം ക്രൗൺ പ്ലാസയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പുതിയ കണ്ടുപിടുത്തങ്ങൾ ഡോക്ടർമാരെ ചികിൽസാ രംഗത്ത് ഏറെ സഹായിക്കുമെങ്കിലും സാങ്കേതിക വിദ്യകൾ ഒരിക്കലും മനുഷ്യന് പകരമാകില്ല. ചികിൽസയിൽ രോഗികളുടെ സുരക്ഷ പ്രധാന ഘടകമാണെന്നും ജസ്റ്റിസ് സി. എസ് ഡയസ് പറഞ്ഞു. വൈദ്യശാസ്ത്ര രംഗത്ത് അനുദിനം ഉണ്ടാകുന്ന ആധുനിക സംവിധാനങ്ങളെ നിയമസംവിധാനവും വളരെ പ്രതീക്ഷയോടെയാണ് നോക്കിക്കാണുന്നതെന്നും അദ്ദേഹം പറഞ്ഞു. ആശുപത്രി മാനേജിംഗ് ഡയറക്ടർ ഡോ. പി.വി ലൂയിസ് അധ്യക്ഷത വഹിച്ചു. മെഡിക്കൽ ആന്റ് കൊമേഴ്സൽ ഡയറക്ടർ ഡോ. പി.വി തോമസ്, ഡോ. സച്ചിൻ ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു. ഡോക്ടേഴ്സ് ലീഗ് ക്രിക്കറ്റ് ടൂർമെന്റിൽ ചാമ്പ്യൻമാരായ മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ ടീമംഗങ്ങളെ ചടങ്ങിൽ ആദരിച്ചു. തുടർന്ന് നടന്ന വൈദ്യശാസ്ത്ര സമ്മേളനത്തിൽ റോബോട്ടിക് സർജറിയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ഡോ. സച്ചിൻ ജോസഫ്, ഡോ. അശോക് കുമാർ പിള്ള, ഡോ. ടി. സുനിൽ, ഡോ. ശ്യാം വിക്രം തുടങ്ങിയവർ സംസാരിച്ചു. സമ്മിറ്റിനോടനുബന്ധിച്ച് ബോധവൽക്കരണത്തിന്റെ ഭാഗമായി ഹോട്ടൽ അങ്കണത്തിൽ രണ്ടു ദിവസങ്ങളിലായി സജ്ജീകരിച്ചിരുന്ന സർജറി റോബോട്ട് സംവിധാനമുള്ള ബസ് ആയിരത്തിലധികം പേർ സന്ദർശിച്ചു.




വാഗ്ദാനങ്ങൾ നൽകി തൊഴിലാളികളെ വഞ്ചിക്കുന്ന സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സ്കൂൾ പാചക തൊഴിലാളികളുടെ നേതൃത്വത്തിൽ അങ്കമാലി സിവിൽ സ്റ്റേഷനു മുന്നിൽ നടന്ന കുടുംബസമരം സ്കൂൾ പാചക തൊഴിലാളി യൂണിയൻ സംസ്ഥാന വൈസ് പ്രസിഡന്റ് പി. പ്രദീപ് ഉദ്ഘാടനം ചെയ്യുന്നു. ജോസഫ് ചിറയത്ത്, ഒ.ജി. കിഷോർ, സി.കെ. ബിജു, ചന്ദ്രബോസ്, അനിത അപ്പുക്കുട്ടൻ, സീലിയ വിന്നി തുടങ്ങിയവർ സമീപം

## സർക്കാർ വഞ്ചിക്കുന്നു; കുടുംബസമരം നടത്തി പാചക തൊഴിലാളികൾ

**അങ്കമാലി:** വാഗ്ദാനങ്ങൾ നൽകി തൊഴിലാളികളെ വഞ്ചിക്കുന്ന സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സ്കൂൾ പാചക തൊഴിലാളികളുടെ നേതൃത്വത്തിൽ കുടുംബ സമേതം സമരം നടത്തി. അങ്കമാലി സിവിൽ സ്റ്റേഷനു മുന്നിൽ നടന്ന സമരം സ്കൂൾ പാചക തൊഴിലാളി യൂണിയൻ സംസ്ഥാന വൈസ് പ്രസിഡന്റ് പി. പ്രദീപ് ഉദ്ഘാടനം ചെയ്തു. യൂണിയൻ ജില്ലാ സെക്രട്ടറി അനിത അപ്പുക്കുട്ടൻ അദ്ധ്യക്ഷത വഹിച്ചു. സി.പി.ഐ. അങ്കമാലി മണ്ഡലം സെക്രട്ടറി ജോസഫ് ചിറയത്ത്, ലോക്കൽ സെക്രട്ടറി ഒ.ജി. കിഷോർ, എ.ഐ.ടി.യു.സി. മണ്ഡലം സെക്രട്ടറി സി.കെ. ബിജു, പ്രസിഡന്റ് എം.എസ്. ചന്ദ്രബോസ് യൂണിയൻ ഉപജില്ലാ പ്രസിഡന്റ് സീലിയ വിന്നി തുടങ്ങിയവർ സംസാരിച്ചു.

മന്ത്രിതല ചർച്ചയിലെ തീരുമാനങ്ങൾ ഉടൻ നടപ്പിലാക്കുക. മിനിമം കൂലി 700 എന്ന രൂപയാക്കുമെന്ന എൽഡിഎഫ് പ്രകടനപത്രികയിലെ വാഗ്ദാനം പാലിക്കുക. റിട്ടയർമെന്റ് ആനുകൂല്യം പ്രഖ്യാപിക്കുക. വിദ്യാർത്ഥി തൊഴിലാളി അനുപാതം 300 കുട്ടികൾക്ക് ഒരു തൊഴിലാളി എന്ന തീരുമാനം നടപ്പിലാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉയർത്തിയായിരുന്നു സമരം. സമരത്തിന്റെ ഭാഗമായി അങ്കമാലി ടൗണിലൂടെ കറുത്ത വസ്ത്രങ്ങൾ ധരിച്ച് തൊഴിലാളികൾ പ്രതിഷേധ പ്രകടനവും നടത്തി.

സൊസൈറ്റി ടുഡേ
SOCIETY TODAY



# കൊച്ചി ബിനാലെ : ഹിംസ, നിശബ്ദത, നിസ്സഹായത; പുതിയ മാനങ്ങൾ നിരത്തി പീപ്പിയോ

**കൊച്ചി:** കൊച്ചി മുസിരിസ് ബിനാലെയുടെ കൊളാറ്ററൽ പ്രദർശനമായ പീപ്പിയോ: എ ബേർഡ് ഫ്ളൈസ്, എ സ്റ്റോൺ ഈസ് ത്രോൺ' എന്ന പ്രദർശനം കലാപ്രതിഷ്ഠ മനുഷ്യകുലത്തിന്റെ നൈതികതയെ അടിമുടി ചോദ്യം ചെയ്യുന്നതാണ്. മട്ടാഞ്ചേരി ബസാർ റോഡിലെ 'ഫോർപ്ലേ സൊസൈറ്റിയിൽ' ആരംഭിച്ച ഈ പ്രദർശനം ഇൻസ്റ്റലേഷൻ കലാകാരികളായ അദിതി കുൽക്കർണിയും പായൽ ആര്യയും ചേർന്നാണ് ഒരുക്കിയിരിക്കുന്നത്. ഒരു മുറിയിലേക്ക് കടക്കുമ്പോൾ തന്നെ ഭിത്തിയിലെ വീഡിയോ ഇൻസ്റ്റലേഷനിൽ നിന്നുള്ള കല്ലേറ് ദൃശ്യങ്ങൾ കാഴ്ചക്കാരെ അമ്പരപ്പിക്കുന്നു. ഇതിലെ കഥാപാത്രങ്ങൾ അക്രമികളായും സാക്ഷികളായും ഇരകളായും മാറിമാറി പ്രത്യക്ഷപ്പെടുന്നു. അക്രമി, സാക്ഷി, ഇര ഇവരെയെല്ലാം ഒരുപോലെയാണ് കല്ല് പ്രതിനിധാനം ചെയ്യുന്നത്. ഒരു സംഘം ആളുകൾ കല്ലെറിഞ്ഞു കഴിയുമ്പോൾ, ദൃശ്യങ്ങൾ മറ്റൊരു സംഘത്തിലേക്ക് മാറുന്നു. കല്ലേറ് തുടരുമ്പോൾ, കാഴ്ചക്കാരും ഇതിന്റെ ഭാഗമാകുന്നതോടെ ഹിംസയെയും നിശബ്ദതയെയും കുറിച്ചുള്ള ആശങ്കകൾ രൂപപ്പെടുന്നു. 201൨0 കാലഘട്ടത്തിൽ ജർമ്മനിയിലെ ഫിലിം അക്കാദമി ബാഡൻവുർട്ടംബെർഗിലെ റെസിഡൻസിയുടെ ഭാഗമായി വികസിപ്പിച്ച പീപ്പിയോ എന്ന സിനിമയുടെ ആവിഷ്കാരമാണിത്. സ്റ്റുട്ട്ഗാർട്ടിലെ 'റബിൾ ഹില്ലിൽ' (അവശിഷ്ടങ്ങളുടെ കുന്ന്) നിന്നാണ് ഇതിന്റെ ഉത്ഭവം.

ചരിത്രാതീത കാലം മുതൽ ഇന്നു വരെയുള്ള യുദ്ധങ്ങളെയും അവയ്ക്ക് സാക്ഷികളാകേണ്ടി വരുന്ന നിശബ്ദരായ മനുഷ്യരെയും ഈ പ്രദർശനം ഓർമ്മിപ്പിക്കുന്നു. അടുത്ത മുറിയിലെ കൂറ്റൻ കല്ലും ഒരു പെൻഡുലം പോലെ ആടിക്കൊണ്ടിരിക്കുന്ന ദൃശ്യങ്ങളും ഹിംസയ്ക്ക് ശേഷമുള്ള ഭയാനകവും കുറ്റകരവുമായ നിശബ്ദതയെ കാണിക്കുന്നു.

കല്ല് എന്നത് ഒരേസമയം അക്രമിയെയും ഇരയെയും സാക്ഷിയെയും സൂചിപ്പിക്കുന്ന പ്രതീകമാണെന്ന് പുണെ ജിൻഡാൽ ഗ്ലോബൽ യൂണിവേഴ്സിറ്റിയിലെ അധ്യാപിക കൂടിയായ പായൽ ആര്യ പറഞ്ഞു. പ്രദർശനത്തിന്റെ ഭാഗമായ ഷ്രേഡിംഗ് മെഷീനിൽ നിക്ഷേപിക്കപ്പെട്ട സമ്മതപത്രങ്ങളുടെ അവശിഷ്ടങ്ങളിൽ നിന്നാണ് ഈ ശിൽപങ്ങൾ നിർമ്മിച്ചിരിക്കുന്നത്.

അറിഞ്ഞോ അറിയാതെയോ തങ്ങളുടെ കുറ്റബോധം കഴുകിക്കളയാൻ ശ്രമിക്കുന്ന മനുഷ്യരെ ഇത് ഓർമ്മിപ്പിക്കുന്നു. ആറ് വിഭാഗങ്ങളിലായി ക്രമീകരിച്ചിരിക്കുന്ന ഈ കലാപ്രതിഷ്ഠ സമത്വം, ആഗോള രാഷ്ട്രീയം, ഉടൽ രാഷ്ട്രീയം, ദൗർബല്യം തുടങ്ങിയവയെ ആഴത്തിൽ പരിശോധിക്കുന്നു. ഇന്നത്തെ ആഗോള രാഷ്ട്രീയ സാഹചര്യത്തിൽ നിശബ്ദ സാക്ഷികളായി മാറുന്നതിനെ ചോദ്യം ചെയ്യാനാണ് ഈ ശ്രമമെന്ന് മൾട്ടിമീഡിയ കലാകാരിയായ അദിതി കുൽക്കർണി വ്യക്തമാക്കി.

# കൊച്ചി മാരത്തൺ: റോഡ് ഷോയ്ക്ക് തുടക്കം

**കൊച്ചി:** നാലാമത് ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണിന്റെ വിപുലമായ പ്രചരണ പരിപാടികളുടെ ഭാഗമായി സംഘടിപ്പിക്കുന്ന റോഡ്ഷോയുടെ പ്രയാണത്തിന് തുടക്കമായി. കൊച്ചി ജെയിൻ യൂണിവേഴ്സിറ്റി ക്യാമ്പസിൽ നടന്ന ചടങ്ങിൽ ജെയിൻ യൂണിവേഴ്സിറ്റി ന്യൂ ഇനിഷ്യേറ്റീവ്സ് ഡയറക്ടർ ഡോ. ടോം ജോസഫ്, ഫെഡറൽ ബാങ്ക് ഡെപ്യൂട്ടി വൈസ് പ്രസിഡന്റ് എസ്. രാധാകൃഷ്ണൻ, ജെയിൻ യൂണിവേഴ്സിറ്റി പ്രൊ-വൈസ് ചാൻസലർ പ്രൊഫ. ഡോ. ജെ. ലത എന്നിവർ ചേർന്ന് ഫ്ളാഗ് ഓഫ് ചെയ്തു.




ഫെബ്രുവരി 6 വരെ നീണ്ടുനിൽക്കുന്ന റോഡ്ഷോ കൊച്ചി, തൃശ്ശൂർ, കോട്ടയം, ആലപ്പുഴ എന്നീ നാല് ജില്ലകളിലൂടെയാണ് പര്യടനം നടത്തുന്നത്. മാരത്തണിനെക്കുറിച്ച് ജനങ്ങളിൽ കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിനും കായികക്ഷമതയുടെ പ്രാധാന്യം പൊതുജനങ്ങളെ അറിയിക്കുന്നതിനുമായാണ് ഈ വിപുലമായ പ്രചരണം ആസൂത്രണം ചെയ്തിരിക്കുന്നത്. ചടങ്ങിൽ തൃക്കാക്കര കൗൺസിലർ പ്രിയ ബാബു, ക്ലിയോ സ്പോർട്സ് ഡയറക്ടർമാരായ അനീഷ് പോൾ, ശബരി നായർ, ഫെഡറൽ ബാങ്ക് എ.വി.പി സൂരജ് എസ്. ഭട്ട് തുടങ്ങിയ പ്രമുഖർ പങ്കെടുത്തു.

മൂവ് വിത്ത് പർപ്പസ് എന്ന പ്രമേയത്തിൽ സംഘടിപ്പിക്കുന്ന മാരത്തൺ ഫെബ്രുവരി എട്ടിന് കൊച്ചിയിൽ നടക്കും. അത്‌ലറ്റിക് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ അംഗീകാരമുള്ള കേരളത്തിലെ ഏക മാരത്തണാണിത്. മത്സരത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർക്ക് https://kochi-marathon.in എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്.




പബ്ലിക് റിലേഷൻസ് കൗൺസിൽ ഓഫ് ഇന്ത്യ (പിആർസിഐ) ഗവേണിംഗ് കൗൺസിൽ ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട ഡോ. ടി. വിനയകുമാറിനെ പിആർസിഐ കൊച്ചിൻ ചാപ്റ്ററിന്റെ നേതൃത്വത്തിൽ നടന്ന സമ്മേളനത്തിൽ ടി.ജെ വിനോദ് എംഎൽഎ പൊന്നാടയണിച്ച് ആദരിച്ചപ്പോൾ. മനോജ് മാനുവൽ, ബാബു ജോസഫ്, റാം മേനോൻ തുടങ്ങിയവർ സമീപം

# ആദരിച്ചു

**കൊച്ചി:** പബ്ലിക് റിലേഷൻസ് കൗൺസിൽ ഓഫ് ഇന്ത്യ (പിആർസിഐ) ഗവേണിംഗ് കൗൺസിൽ ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട ഡോ. ടി. വിനയകുമാറിനെ പിആർസിഐ കൊച്ചിൻ ചാപ്റ്ററിന്റെ നേതൃത്വത്തിൽ ആദരിച്ചു. എറണാകുളം ലോട്ടസ് ക്ലബ്ബിൽ നടന്ന സമ്മേളനം ടി.ജെ വിനോദ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. കൊച്ചി ചാപ്റ്റർ ചെയർമാൻ ബാബു ജോസഫ് അധ്യക്ഷത വഹിച്ചു. പിആർസി ഐ കേരള ചെയർമാൻ റാം മേനോൻ, സെക്രട്ടറി മനോജ് മാനുവൽ, വൈസ് ചെയർപേഴ്സൺ, എം. മായ, ജോയിന്റ് സെക്രട്ടറി ഷെറിൻ വിൽസൺ, വൈസിസി ഡയറക്ടർ സുജിത് നാരായണൻ തുടങ്ങിയവർ സംസാരിച്ചു. പബ്ലിക് റിലേഷൻസ് മേഖലയിലെ പ്രൊഫഷണലുകളുടെ ദേശീയ സംഘടനയാണ് പിആർസി ഐ.



അജിത് അസോസിയേറ്റ്സിന്റെ 48ാമത് സ്ഥാപക ദിനാഘോഷം തൃപ്പൂണിത്തുറ നഗരസഭാ വൈസ് ചെയർപേഴ്സ്ൺ രാധികാ വർമ്മ ഉദ്ഘാടനം ചെയ്യുന്നു. നദീൻ വാനൂസ്റ്റ് , ദേവി അജിത്, ബാൽ ശങ്കർ ഗർഗഡെ, പ്രൊഫ ബി.ആർ അജിത്, വി. എൻ രാമചന്ദ്രൻ, കെ.എം അനിൽകുമാർ എന്നിവർ സമീപം

# സ്ഥാപക ദിനം ആഘോഷിച്ചു

**കൊച്ചി:** ആധുനിക കാലഘട്ടത്തിനനുയോജ്യമായ രീതിയിൽ നാടിന്റെ പൈതൃകം നഷ്ടപ്പെടാതെവേണം കെട്ടിടങ്ങൾക്ക് രൂപം നൽകാൻ ആർക്കിടെക്റ്റുകൾ ശ്രമിക്കേണ്ടതെന്ന് തൃപ്പൂണിത്തുറ നഗരസഭാ വൈസ് ചെയർപേഴ്സൺ രാധികാ വർമ്മ പറഞ്ഞു. അജിത് അസോസിയേറ്റ്സിന്റെ 48ാമത് സ്ഥാപക ദിനാഘോഷം വൈറ്റില സിൽവർ സാന്റ് ഐലന്റിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. അജിത് അസോസിയേറ്റ് മാനേജിംഗ് ഡയറക്ടറും ആസാദി കോളജ് ചെയർമാനുമായ ആർക്കിടെക്റ്റ് പ്രൊഫ ബി.ആർ അജിത് അധ്യക്ഷത വഹിച്ചു. ആസാദി കോളേജ് വനിതാ ഹോസ്റ്റലിന്റെ ഉദ്ഘാടനവും രാധികാ വർമ്മ നിർവ്വഹിച്ചു. തൃപ്പൂണിത്തുറ നഗരസഭാംഗം കെ.എം അനിൽകുമാർ മുഖ്യപ്രഭാഷണം നടത്തി. ആസാദി കോളജിലെ വിസിറ്റിംഗ് പ്രൊഫസർ ആർട്ടിസ്റ്റ് നദീൻ വാനൂസ്റ്റ് (ബെൽജിയം), അജിത് അസോസിയേറ്റ്സ് ഫിനാൻസ് ഡയറക്ടർ ദേവി അജിത്, ആസാദി കോളജ് പ്രിൻസിപ്പാൾ ബാൽ ശങ്കർ ഗർഗഡെ, എം. ആർക്ക് ഹെഡ് വി. എൻ രാമചന്ദ്രൻ, അഡ്മിനിസ്ട്രേറ്റീവ് ഡയറക്ടർ ടി. പ്രബോഷ് തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു

## എറണാകുളം ശ്രീ അയ്യപ്പൻകോവിൽ ഉത്സവം സമാപിച്ചു

**കൊച്ചി:** എറണാകുളം ശ്രീ അയ്യപ്പൻകോവിലിൽ കഴിഞ്ഞ ഏഴു ദിവസമായി നടന്നു വന്ന മകരവിളക്ക് മഹോത്സവം ആറാട്ടോടെ സമാപിച്ചു. പുലർച്ചെ രണ്ടരയ്ക്ക് ആറാട്ട് പുറപ്പാടും തുടർന്ന് ആറാട്ടെഴുന്നള്ളിപ്പും കൊടിയിറക്കൽ ചടങ്ങും നടന്നു. മംഗളപൂജയോടെ ഈ വർഷത്തെ ഉത്സവം സമാപിച്ചു. കലാസാംസ്കാരിക വൈവിധ്യം വിളിച്ചോതുന്ന വിവിധ പരിപാടികളാണ് കഴിഞ്ഞ ഒരാഴ്ചയായി ക്ഷേത്രാങ്കണത്തിലും ക്ഷേത്രമൈതാനിയിലുമായി നടന്നത്. ഉത്സവത്തിന്റെ സമാപനദിനത്തിൽ നടന്ന പകൽപ്പൂരത്തിൽ പാമ്പാടി രാജന്റെ നേതൃത്വത്തിൽ ഏഴ് ഗജവീരന്മാരാണ് അണിനിരന്നത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കൂടുതൽ പരിരക്ഷ; ഇൻഷുറൻസ് ആഡ് ഓണുകളോട് കേരളത്തിലെ വാഹന ഉടമകൾക്ക് താൽപ്പര്യം ഏറുന്നു

**കൊച്ചി:** സമഗ്ര പരിരക്ഷ നൽകുന്ന ഇൻഷുറൻസ് പോളിസികളോട് കേരളത്തിലെ വാഹന ഉടമകൾക്ക് താൽപ്പര്യം ഏറുന്നു. ഇതോടൊപ്പം തന്നെ അധിക പരിരക്ഷ നൽകുന്ന ആഡ് ഓണുകളും കേരളത്തിലെ വാഹന ഉടമകൾ കൂടുതലായി തെരഞ്ഞെടുക്കുന്നു എന്നാണ് കഴിഞ്ഞ ഏതാനും വർഷങ്ങളായുള്ള പ്രവണത ചൂണ്ടിക്കാട്ടുന്നത്. റോഡ് അപകടങ്ങളേയും ബ്രേക്ക് ഡൗണുകളേയും കുറിച്ചുള്ള അവബോധ വർധനവാണ് ഇതിനു കാരണമെന്നാണ് ടാറ്റ എഐജിയുടെ സ്ഥിതിവിവര കണക്കുകൾ സൂചിപ്പിക്കുന്നത്. കേരളത്തിന്റെ സവിശേഷമായ ഭൂപ്രകൃതി, ശക്തമായ മഴ, വർധിച്ച തോതിലെ നഗര ഗതാഗതം എന്നിവ ഇവിടെ ഏറെ പ്രസക്തവുമാണ്. യാത്രയ്ക്കിടെ സഹായം, എഞ്ചിൻ സുരക്ഷ, ഡിപ്രീസിയേഷൻ റീ ഇമ്പേഴ്സ്മെന്റ് പരിരക്ഷ തുടങ്ങിയ അധിക പരിരക്ഷാ തെരഞ്ഞെടുപ്പുകൾ നടത്തുന്ന ഉപഭോക്താക്കളുടെ എണ്ണം കഴിഞ്ഞ ഏതാനും വർഷങ്ങളായി വലിയ തോതിൽ വർധിക്കുകയാണ്. കാലാവസ്ഥയുമായി ബന്ധപ്പെട്ട തടസങ്ങൾ, അറ്റകുറ്റപ്പണിയുടെ ചെലവുകൾ തുടങ്ങിയവ ഇൻഷുറൻസ് പുതുതായി എടുക്കുമ്പോഴും പുതുക്കുമ്പോഴും വാഹന ഉടമകൾ കൂടുതലായി പരിഗണിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലുള്ള ക്രിയാത്മക പ്രതിഫലനമാണ് ഇവിടെ ദൃശ്യമാകുന്നത്.

2023, 2025 സാമ്പത്തിക വർഷങ്ങൾക്കിടയിൽ കേരളത്തിൽ മഴയുമായി ബന്ധപ്പെട്ട ആഡ് ഓണുകൾ ഉൾപ്പെടുത്തിയ വാഹന ഇൻഷുറൻസ് പോളിസികളുടെ കാര്യത്തിൽ ഗണ്യമായ വർധനവാണ് ഉണ്ടായത്. കേരളത്തിലെ നഗരങ്ങൾക്കിടയിൽ കൊച്ചിയാണ് ഇങ്ങനെ മെച്ചപ്പെടുത്തിയ പരിരക്ഷകൾ കൂടുതലായി ഉൾപ്പെടുത്തുന്നത്.

വൻതോതിൽ മഴയുണ്ടാകുന്നതും വെള്ളക്കെട്ട് അനുഭവപ്പെടുന്നതുമായ മേഖലകളിൽ അവബോധം വർധിക്കുന്നതാണ് ഇതിലൂടെ ഉയർത്തിക്കാട്ടപ്പെടുന്നത്. കേരളത്തിലെ ഡ്രൈവിങ് സാഹചര്യങ്ങളിൽ വാഹന ഉടമകൾ തയ്യാറെടുപ്പോടെ ഇരിക്കേണ്ടതിന്റെ പ്രാധാന്യം വർധിക്കുകയാണെന്ന് ടാറ്റ എഐജി കൺസ്യൂമർ അണ്ടർറൈറ്റിങ് സീനിയർ വൈസ് പ്രസിഡന്റ് ദിനേശ് മൊസാംകർ പറഞ്ഞു. ശരിയായ ആഡ് ഓണുകളോടെ സമഗ്രമായ ഒരു വാഹന ഇൻഷുറൻസ് പോളിസി തെരഞ്ഞെടുക്കുന്നത് ബ്രേക്ക് ഡൗണുകളും അറ്റകുറ്റപ്പണികളും മികച്ച രീതിയിൽ കൈകാര്യം ചെയ്യാനും അപ്രതീക്ഷിത ഘട്ടങ്ങളിലെ സാമ്പത്തിക ബുദ്ധിമുട്ടുകൾ കുറയ്ക്കാനും വാഹന ഉടമകളെ സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

കേരളത്തിലെ റോഡ് സുരക്ഷാ കർമ പദ്ധതി പ്രകാരം സംസ്ഥാനത്തെ ദേശീയ, സംസ്ഥാന പാതകളിൽ 36 ശതമാനത്തിലേറെ അപകട സാധ്യത ഏറിയവയാണെന്നു ചൂണ്ടിക്കാട്ടുന്നുണ്ട്. ആയിരം പേർക്ക് 425 വാഹനങ്ങൾ എന്ന തോതിൽ രാജ്യത്ത് ഏറ്റവും ഉയർന്ന നിരക്കിലെ വാഹന ഉടമസ്ഥതയുള്ള ഇടവുമാണ് കേരളം.




## നേത്രസംരക്ഷണ ക്യാംപ് സംഘടിപ്പിച്ച് ജോയ് ആലുക്കാസ് ഫൗണ്ടേഷൻ

**ഇടുക്കി:** സംസ്ഥാനത്തെ ഏക ഗോത്രവർഗ പഞ്ചായത്തായ ഇടമലക്കുടിയിൽ നേത്രസംരക്ഷണ ക്യാപ് സംഘടിപ്പിച്ചും ജലശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിച്ചും ജോയ്ആലുക്കാസ് ഫൗണ്ടേഷൻ. ഗ്രാമവാസികൾക്ക് സൗജന്യ കാഴ്ച പരിശോധനയും കണ്ണടയും ഉറപ്പാക്കിയ നേത്രസംരക്ഷണ ക്യാംപിനു പുറമെ പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രം, ഗവണ്മെന്റ് യു.പി സ്കൂൾ, ഹോമിയോ ഡിസ്പെൻസറി എന്നിവിടങ്ങളിൽ ജലശുദ്ധീകരണ യൂണിറ്റുകളും സ്ഥാപിച്ചു. ജോയ്ആലുക്കാസ് ഫൗണ്ടേഷന്റെ സി.എസ്.ആർ പ്രവർത്തനങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച ചടങ്ങ് പഞ്ചായത്ത് പ്രസിഡന്റ് എം.ബിനു ഉദ്ഘാടനം ചെയ്തു. കാഴ്ച പരിശോധനയ്ക്ക് ശേഷം തിമിരം സ്ഥിരീകരിച്ചവർക്ക് തൊടുപുഴ ഹോളി ഫാമിലി ഹോസ്പിറ്റലിന്റെ സഹായത്തോടെ സൗജന്യ തിമിര ശസ്ത്രക്രിയ നൽകുമെന്ന് ജോയ്ആലുക്കാസ് ഫൗണ്ടേഷൻ അറിയിച്ചു. ചടങ്ങിൽ ജോയ്ആലുക്കാസ് ഫൗണ്ടേഷൻ സി.എസ്.ആർ വിഭാഗം സീനിയർ ഓഫീസർ റിബിൻ പോൾ, പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർ സാഗിൽ രവീന്ദ്രൻ എന്നിവർ പ്രസംഗിച്ചു

# മമ്താ കാലിയയ്ക്കും, അരംബം ഓങ്ബി മെംചൗബിക്കും ആകാശ്ദീപ് പുരസ്കാരം

**ന്യൂഡൽഹി:** സാഹിത്യലോകത്തിന് നൽകിയ സമഗ്ര സംഭാവനകൾ പരിഗണിച്ച് അമർ ഉജാലയുടെ 2025ലെ ഏറ്റവും ഉയർന്ന 'ശബ്ദ് സമ്മാൻ' ആയ 'ആകാശ്ദീപ്' പുരസ്കാരം ഹിന്ദി വിഭാഗത്തിൽ പ്രമുഖ ഹിന്ദി ചെറുകഥാകൃത്ത് മമ്താ കാലിയയ്ക്കും, ഹിന്ദിയേതര ഇന്ത്യൻ ഭാഷകളുടെ വിഭാഗത്തിൽ മണിപ്പൂരി എഴുത്തുകാരി അരംബം ഓങ്ബി മെംചൗബിക്കും സമ്മാനിക്കും. അഞ്ചു ലക്ഷം രൂപയുടെ ക്യാഷ് അവാർഡും പ്രശംസാഫലകവും ഗംഗാ പ്രതിമയുമാണ് പുരസ്കാരം. മറ്റ് 5 പേരെ കൂടി ഈ വർഷത്തെ മികച്ച സാഹിത്യ പുരസ്കാരങ്ങൾക്ക് തിരഞ്ഞെടുത്തിട്ടുണ്ട്.


Mamta Kalia


Arambam Ongbi Memchoubi

പോസ്റ്റ്കോളോണിയൽ ചിന്തയിലേക്കും വനിതാ വ്യക്തിത്വത്തിലേക്കും ശ്രദ്ധേയമായ സംഭാവനകൾ നൽകുന്ന തന്റെ രചനകളിലൂടെ മണിപ്പൂരി സാഹിത്യത്തിൽ അപൂർവമായ സംഭാവനകൾ നൽകിയ വ്യക്തിയാണ് അരംബം ഓങ്ബി മെംചൗബി. മമ്താ കാലിയ 1940 നവംബർ 2ന് ജനിച്ചത്. ഫെമിനിസത്തിന്റെ ആദ്യകാല തരംഗങ്ങൾ ഉയർന്നുവന്ന കാലഘട്ടത്തിൽ തന്നെ തന്റെ രചനകളിലൂടെ അവർ ഒരു പുതിയ പാത സൃഷ്ടിച്ചു. പന്ത്രണ്ടിലധികം ശ്രദ്ധേയ കൃതികൾ രചിച്ചിട്ടുള്ള അവർ, മധ്യവർഗ്ഗത്തിന്റെ സങ്കീർണതകൾക്കും സ്ത്രീ സ്വത്വത്തിനായുള്ള പോരാട്ടത്തിനും കരുത്തുറ്റ ശബ്ദം നൽകിയ എഴുത്തുകാരിയായി അറിയപ്പെടുന്നു. ആകാശ്ദീപ് പുരസ്കാരത്തിന് കീഴിൽ ഹിന്ദിക്ക് പുറമെ കന്നഡ, മറാത്തി, ബംഗാളി, ഒഡിയ, മലയാളം, ഗുജറാത്തി ഭാഷകളിലെ സാഹിത്യ സംഭാവനകളും മുമ്പ് ആദരിക്കപ്പെട്ടിട്ടുണ്ട്. ഈ വർഷം മണിപ്പൂരി ഭാഷയാണ് തിരഞ്ഞെടുക്കപ്പെട്ടത്. ഹിന്ദിയേതര ഇന്ത്യൻ ഭാഷകളിൽ ഗിരീഷ് കർണാട്, ഭാൽചന്ദ്ര നമദേ, ശംഖ ഘോഷ്, പ്രതിഭാ റായ്, എം. ടി. വാസുദേവൻ നായർ, സിതാൻഷു യശശ്ചന്ദ്ര എന്നിവർ ബഹുമതി നേടിയിട്ടുണ്ട്. ഹിന്ദി വിഭാഗത്തിൽ നാംവർ സിംഗ്, ഗ്യാൻരഞ്ജൻ, വിശ്വനാഥ് ത്രിപാഠി, ശേഖർ ജോഷി, വിനോദ് കുമാർ ശുക്ല, ഗോവിന്ദ് മിശ്ര എന്നിവർക്ക് ആകാശ്ദീപ് പുരസ്കാരം ലഭിച്ചിട്ടുണ്ട്.

# ഐസിഐസിഐ ലൈഫ് പ്രു വെൽത്ത് ഫോറെവർ പുറത്തിറക്കി

**തൃശൂർ:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് 'ഐസിഐസിഐ പ്രു വെൽത്ത് ഫോറെവർ' എന്ന പുതിയ ഇൻഷുറൻസ് അവതരിപ്പിച്ചു. ലളിതവും നികുതി കാര്യക്ഷമവുമായ ലെഗസി പ്ലാനിംഗ് വഴി ഉപഭോക്താക്കളുടെ കുടുംബത്തിന് സാമ്പത്തിക സുരക്ഷ ഉറപ്പാക്കുകയാണ് ലക്ഷ്യമെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ചീഫ് പ്രൊഡക്റ്റ് ഓഫീസർ വികാസ് ഗുപ്ത പറഞ്ഞു. പ്ലാൻ പ്രകാരം ലൈഫ് കവർ തുക ഉപഭോക്താവിന് 99 വയസുവരെ മാസാന്തരം വർധിക്കുന്നതാണ്. അപ്രതീക്ഷിത മരണം സംഭവിച്ചാൽ, മുഴുവൻ ലൈഫ് കവർ തുകയും നികുതിയില്ലാതെ നോമിനികൾക്ക് ലഭിക്കും. പോളിസി കാലാവധി മുഴുവൻ ഉപഭോക്താവ് ജീവിച്ചിരുന്നാൽ അടച്ച പ്രീമിയം മുഴുവൻ തിരികെ ലഭിക്കും. മൂന്ന് പോളിസി വർഷങ്ങൾ പൂർത്തിയാക്കിയതിന് ശേഷം സൗജന്യ ഹെൽത്ത് ചെക്കപ്പുകൾ എന്ന ആനുകൂല്യവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും വികാസ് ഗുപ്ത പറഞ്ഞു.


# വൈവിധ്യമാർന്ന പരിപാടികളൊരുക്കി ദുബായ്

**ദുബായ്:** 2026ൽ ആഗോളതലത്തിലുള്ള സംഗീത പ്രോഗ്രാമുകൾ, കലോത്സവങ്ങൾ, നാടകവേദികൾ, കോമഡി ഷോകൾ, കായികമേളകൾ എന്നിവയൊരുക്കി ദുബായ്. സംഗീതപ്രേമികൾക്കും കുടുംബങ്ങൾക്കും ഒരുപോലെ ആസ്വദിക്കാവുന്ന വൈവിധ്യമാർന്ന പരിപാടികളാണ് പുതുവർഷത്തിൽ ദുബായ് ഒരുക്കിയിരിക്കുന്നത്. ജനുവരി 22ന് ബീ ബീച്ചിലെ ഇലക്ട്രോണിക് മ്യൂസിക് ഐക്കൺ ടിയസ്റ്റോ തത്സമയ പരിപാടി, ജനുവരി 20, 21 തീയതികളിൽ ദുബൈ ഓപ്പറയിലെ സാക്കിർ ഖാന്റെ ഹാസ്യപരിപാടി, ജനുവരി 24ന് കൊക്കക്കോള അരീനയിൽ ബ്രിറ്റ് അവാർഡ് ജേതാവായ ടോം ഒഡെലിന്റെ സംഗീതവിരുന്ന് എന്നിവയാണ് പ്രധാന പരിപാടികൾ. ജനുവരി 23ന് മൈദാൻ റേസ്കോഴ്സിൽ നടക്കുന്ന ഫാഷൻ ഫ്രൈഡേ, അതേ ദിവസം സബീൽ തിയറ്ററിൽ ഫ്ളമെങ്കോ ബാലെ രൂപത്തിൽ അവതരിപ്പിക്കുന്ന ഹാംലെറ്റ് നാടകാവിഷ്കാരം, ജനുവരി 17, 18 തീയതികളിൽ ദുബൈ സിലിക്കൺ ഓയാസിസിൽ നടക്കുന്ന ആക്ടിവേറ്റ് മീ ഫെസ്റ്റിവൽ, ജനുവരി 24, 25 തീയതികളിൽ അൽസർക്കൽ അവന്യൂവിൽ നടക്കുന്ന ദുബൈയുടെ ഏറ്റവും വലിയ സാംസ്കാരിക ഉത്സവങ്ങളിലൊന്നായ ക്വോസ് ആർട്സ് ഫെസ്റ്റ്, ബൊഹേമിയ ബീച്ചിൽ ജനുവരി മാസം മുഴുവൻ നീളുന്ന ആഗോളതലത്തിലുള്ള ഡിജെമാരുടെ പ്രകടനങ്ങൾ എന്നിവയും നടക്കും.

# ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് പ്ളീസ് ഗ്രോഅപ്പ് ആരംഭിച്ചു

**കൊച്ചി:** രാജ്യത്തെ റോഡ് അപകടങ്ങൾ മൂലമുണ്ടാകുന്ന മരണങ്ങളിൽ ഭൂരിഭാഗവും മനുഷ്യൻ സൃഷ്ടിക്കുന്ന പിഴവുകളാണ് കാരണമാകുന്നത് എന്ന പശ്ചാത്തലത്തിൽ റോഡുകളിലെ അപക്വവും ഉത്തരവാദിത്തമില്ലാത്തതുമായ പെരുമാറ്റത്തെക്കുറിച്ചു അവബോധം സൃഷ്ടിക്കാനായി ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് പ്ളീസ് ഗ്രോഅപ്പ് എന്ന ഫിജിറ്റൽ റോഡ് ബോധവൽക്കരണ കാമ്പയിൻ ആരംഭിച്ചു. റോഡപകടങ്ങൾക്ക് കാരണം അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മയോ വാഹനങ്ങളുടെ തകരാറോ ആണെന്ന് ചൂണ്ടിക്കാണിക്കാറുണ്ടെങ്കിലും അമിതവേഗം, സിഗ്നൽ തെറ്റിക്കുന്നത്, ശ്രദ്ധ തെറ്റിയുള്ള ഡ്രൈവിംഗ്, മദ്യമോ മറ്റ് ലഹരിവസ്തുക്കളോ ഉപയോഗിച്ചുള്ള ഡ്രൈവിംഗ്, അടിസ്ഥാന സുരക്ഷാ മാനദണ്ഡങ്ങളോടുള്ള അവഗണന തുടങ്ങിയ ഒഴിവാക്കാനാകുന്ന പെരുമാറ്റങ്ങളാണ് ഭൂരിഭാഗം മരണങ്ങൾക്കും കാരണം. സ്വയം ഡ്രൈവിംഗ് ശീലങ്ങളെ വിലയിരുത്താനും ഉത്തരവാദിത്തബോധം വളർത്താനും പ്രേരിപ്പിക്കുക എന്നതാണ് ഈ കാമ്പയിന്റെ ലക്ഷ്യം.

# നിസ്സാൻ ഇന്ത്യ ഗഗൻ മംഗലിനെ നിയമിച്ചു



**കൊച്ചി:** നിസ്സാൻ മോട്ടോർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് (എൻഎംഐപിഎൽ) ഗഗൻ മംഗലിനെ കമ്മ്യൂണിക്കേഷൻസ് മേധാവിയായി നിയമിച്ചു. ഗുരുഗ്രാം ആസ്ഥാനമായി പ്രവർത്തിക്കുന്ന മംഗൾ എൻഎംഐപിഎല്ലിനായി കമ്മ്യൂണിക്കേഷൻസിനെ നയിക്കും. ഫോക്സ്‌വാഗൺ ഇന്ത്യയിൽ പ്രസ് ആൻഡ് മാർക്കറ്റിംഗ് കമ്മ്യൂണിക്കേഷൻസിന്റെ തലവനായിരുന്നു മംഗൽ.

സൊസൈറ്റി ടുഡേ
SOCIETY TODAY

# വീടുകളിൽ പിഎൻജി, വാഹനങ്ങളിൽ സിഎൻജി; രാജ്യവ്യാപക ക്യാമ്പയിൻ ആരംഭിച്ച് ബിപിസിഎൽ

**കൊച്ചി:** പ്രകൃതിവാതകങ്ങളുടെ പരമാവധി ഉപയോഗം വീടുകളിലും വാഹനങ്ങളിലും വാണിജ്യ, വ്യവസായ ശാലകളിലും ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ, പൊതുമേഖലാ സ്ഥാപനമായ ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡ് (ബിപിസിഎൽ) രാജ്യവ്യാപക ക്യാമ്പയിൻ ആരംഭിച്ചു. 'പിഎൻജി 2.0' എന്ന പേരിൽ തുടക്കമിട്ട ക്യാമ്പയ്നിലൂടെ പൈപ്പ്ഡ് നാചുറൽ ഗ്യാസ് (പിഎൻജി), കംപ്രസ്ഡ് നാചുറൽ ഗ്യാസ് (സിഎൻജി) എന്നിവയുടെ പ്രാധാന്യം ജനങ്ങളെ ബോധവൽക്കരിക്കുകയാണ് ലക്ഷ്യമിടുന്നത്. പെട്രോളിയം ആൻഡ് നാചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡിന്റെ നിർദേശപ്രകാരം നഗര ഗ്യാസ് വിതരണ വ്യവസായ മേഖലയുടെ സഹകരണത്തോടെയാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. രാജ്യമെമ്പാടുമുള്ള സിറ്റി ഗ്യാസ് വിതരണ കമ്പനികളെ ഉൾപ്പെടുത്തി ഏകീകൃത പ്ലാറ്റ്ഫോം തുടങ്ങുമെന്നും ബിപിസിഎൽ അറിയിച്ചു. ബോധവൽക്കരണ ക്യാമ്പയിന്റെ ഭാഗമായി വിവിധ മേഖലകളിലെ പ്രമുഖരെ ഉൾപ്പെടുത്തിയുള്ള പരസ്യചിത്രങ്ങളും പുറത്തിറക്കും. പ്രകൃതിവാതകത്തിലേക്ക് പരിവർത്തനപ്പെടുകയെന്ന പൊതുലക്ഷ്യത്തിനായി വ്യവസായ ലോകം കൈകോർക്കുന്നതിന്റെ ഉത്തമ ഉദാഹരണമാണ് പിഎൻജി 2.0 ക്യാമ്പയിനെന്ന് ബിപിസിഎൽ മാർക്കറ്റിംഗ് വിഭാഗം ഡയറക്ടർ ശുഭാങ്കർ സെൻ പറഞ്ഞു. ലളിതവും വിശ്വസനീയവും ലാഭകരവുമായ ഊർജ്ജം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിലൂടെ സുഖപ്രദമായ ജീവിതശൈലി ഉറപ്പാക്കുകയാണ് ലക്ഷ്യമിടുന്നത്. രാജ്യത്തിന്റെ ഊർജ സംരക്ഷണ പ്രവർത്തനങ്ങളിൽ സിഎൻജി, പിഎൻജി വിഭാഗത്തിന്റെ പ്രാധാന്യം വർധിപ്പിക്കാനും ക്യാമ്പയിനിലൂടെ സാധിക്കുമെന്നും ശുഭാങ്കർ സെൻ അഭിപ്രായപ്പെട്ടു. ഉപഭോക്തൃ ബോധവൽക്കരണത്തിനു പുറമെ വിവിധ കമ്മ്യൂണിറ്റി പ്രോഗ്രാമുകൾ, സൈബറിടങ്ങളിലെ പ്രവർത്തനങ്ങൾ എന്നിവയും സംഘടിപ്പിക്കും. രാജ്യത്തിന്റെ ഊർജ ഉപയോഗത്തിൽ പ്രകൃതി വാതകങ്ങളുടെ പങ്ക് 6.5 ശതമാനമാണ്. 2030നകം 15 ശതമാനത്തിലേക്ക് ഉയർത്തുകയാണ് ലക്ഷ്യമിടുന്നത്. ഊർജ്ജ സുരക്ഷയ്ക്കും പരിസ്ഥിതി സംരക്ഷണത്തിനുമായി നടത്തുന്ന ക്യാമ്പയിൻ, രാജ്യത്തിന്റെ സുസ്ഥിര വികസനത്തിന് കരുത്തേകുമെന്നും ബിപിസിഎൽ അറിയിച്ചു.




# ട്രേഡെക്സ് കേരള: ലോഗോ പ്രകാശനം ചെയ്തു

**കൊച്ചി:** കേരളത്തിലെ സൂക്ഷ്മ,ചെറുകിട,ഇടത്തരം സംരംഭകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾ അന്താരാഷ്ട്ര ബയർമാർക്ക് മുന്നിൽ അവതരിപ്പിക്കാനും കയറ്റുമതി സാധ്യതകൾ വർധിപ്പിക്കാനും അവസരമൊരുക്കുന്ന ഇന്റർനാഷണൽ ബയർ-സെല്ലർ മീറ്റ് ട്രേഡെക്സ് കേരള ഫെബ്രുവരി 17, 18 തീയതികളിൽ കൊച്ചിയിൽ നടക്കും. ഇതിന്റെ ഭാഗമായി ട്രേഡെക്സ് കേരള 2026 ലോഗോ മന്ത്രി പി. രാജീവ് പ്രകാശനം ചെയ്തു.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റും ഫെഡറേഷൻ ഓഫ് ഇന്ത്യൻ എക്സ്പോർട്ട് ഓർഗനൈസേഷനും സംയുക്തമായാണ് ട്രേഡെക്സ് കേരള 2026 സംഘടിപ്പിക്കുന്നത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രമുഖ ബയർമാരെയും വ്യവസായ പ്രതിനിധികളെയും കേരളത്തിലേക്ക് എത്തിച്ച്, പ്രാദേശിക സംരംഭകർക്ക് നേരിട്ടുള്ള ബിസിനസ്സ് ചർച്ചകൾ നടത്തുന്നതിനുള്ള വേദിയാണ് ട്രേഡെക്സ് കേരള 2026. മുന്നൂറിലധികം സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകരും മുപ്പതിലേറെ അന്താരാഷ്ട്ര ബയർമാരും വ്യവസായ പ്രതിനിധികളും പരിപാടിയിൽ പങ്കാളികളാകും. വനിതാ സംരംഭകരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതോടൊപ്പം, വ്യവസായികമായി പിന്നാക്കം നിൽക്കുന്ന ജില്ലകളിൽ നിന്നുള്ള സംരംഭകർക്ക് പ്രത്യേക പരിഗണനയും ട്രേഡെക്സ് കേരള 2026 നൽകും. ഇടനിലക്കാരില്ലാതെ, അന്താരാഷ്ട്ര ബയർമാരുമായി നേരിട്ട് ബിസിനസ്സ് ചർച്ചകൾ നടത്താനും കയറ്റുമതി കരാറുകളിൽ ഒപ്പിടാനും നമ്മുടെ സൂക്ഷ്മ, ചെറുകിട,ഇടത്തരം സംരംഭകർക്ക് ട്രേഡെക്സ് കേരള 2026 വഴി സാധ്യമാകുമെന്ന് വ്യവസായ വാണിജ്യ ഡയറക്ടർ പി. വിഷ്ണുരാജ് വ്യക്തമാക്കി. കേരള ബ്രാൻഡ് പദ്ധതിയുടെ ഭാഗമായാണ് ട്രേഡെക്സ് കേരള 2026 ഒരുങ്ങുന്നത്.

# ഹൈബ്രിഡ് വൈദ്യുത പദ്ധതി: സിയറ്റും ക്ലീൻമാക്സും സഹകരിക്കുന്നു

**കൊച്ചി:** ഗുജറാത്തിലും തമിഴ്നാട്ടിലുമുള്ള തങ്ങളുടെ നിർമാണ കേന്ദ്രങ്ങളിൽ 59 മെഗാവാട്ട് ശേഷി വരുന്ന കാറ്റാടി, സൗരോർജ്ജ ഹൈബ്രിഡ് വൈദ്യുത പദ്ധതികൾ സ്ഥാപിക്കാൻ മുൻനിര ഇന്ത്യൻ ടയർ നിർമാതാക്കളായ സിയറ്റ്, ക്ലീൻമാക്സ് ഇൻവിറോ എനർജി സൊലൂഷൻസുമായി (ക്ലീൻമാക്സ്) സഹകരണമാരംഭിച്ചു. ഈ പദ്ധതികളിലൂടെ സിയറ്റിന്റെ ശുദ്ധ വൈദ്യുതി ഉപയോഗം വാർഷികാടിസ്ഥാനത്തിൽ 60 ശതമാനമായി ഉയരും. ഗുജറാത്തിലെ ഹലോൽ, തമിഴ്നാട്ടിലെ കാഞ്ചീപുരം എന്നിവിടങ്ങളിലാണ് ഈ വൈദ്യുതി പദ്ധതികൾക്കു തുടക്കം കുറിക്കുന്നത്. വൈദ്യുതി കൂടുതലായി ഉപയോഗിക്കുന്ന യൂണിറ്റുകളെ സംബന്ധിച്ച് ഏറെ പ്രാധാന്യമുള്ള രീതിയിൽ ഗ്രിഡിന്റെ സുസ്ഥിര ഉറപ്പു വരുത്താനും ഈ നീക്കം സഹായിക്കും. പ്രതിവർഷം ഒരു ലക്ഷം ടൺ വീതം കാർബൺ ഡയോക്സൈഡ് പുറന്തള്ളൽ കുറക്കാനും ഇതു സഹായിക്കുമെന്നാണ് കണക്കു കൂട്ടുന്നത്.




# സൗത്ത് ഇന്ത്യൻ ബാങ്കിന് 374 കോടി രൂപ അറ്റാദായം

**കൊച്ചി:** ബാങ്കിംഗ് രംഗത്തെ പ്രമുഖരായ സൗത്ത് ഇന്ത്യൻ ബാങ്ക് 2025-26 സാമ്പത്തികവർഷത്തിലെ മൂന്നാം പാദത്തിൽ 374.32 കോടി രൂപ അറ്റാദായം നേടി. ബാങ്ക് ഇതുവരെ നേടിയതിൽ ഏറ്റവും ഉയർന്ന അറ്റാദായമാണിത്. 2024-2025 വർഷത്തിലെ മൂന്നാം പാദത്തിലെ അറ്റാദായമായ 341.87 കോടി രൂപയേക്കാൾ 9 ശതമാനം വർദ്ധനയാണ് എസ്ഐബി സ്വന്തമാക്കിയത്. ഈ സാമ്പത്തികവർഷത്തിൽ ഡിസംബറിൽ അവസാനിച്ച ആദ്യ ഒൻപത് മാസത്തെ അറ്റാദായം ഒൻപത് ശതമാനം വർദ്ധിച്ച് 1047.64 കോടി രൂപയായി. മുൻ സാമ്പത്തികവർഷത്തിൽ ഡിസംബർ വരെ ഇതേ കാലയളവിൽ 960.69 കോടി രൂപയാണ് ബാങ്ക് രേഖപ്പെടുത്തിയിരുന്നത്. മൂന്നാം പാദത്തിൽ ബാങ്കിന്റെ പ്രീ-പ്രോവിഷനിംഗ് പ്രവർത്തനലാഭം 10 ശതമാനം വർദ്ധിച്ച് 584.33 കോടി രൂപയായി. മുൻ സാമ്പത്തികവർഷത്തെ സമാന മൂന്നാം പാദത്തിൽ 528.84 കോടി രൂപയായിരുന്നു പ്രവർത്തന ലാഭം. കഴിഞ്ഞ വർഷത്തേക്കാൾ ബാങ്കിന്റെ ആകെ നിഷ്ക്രിയ ആസ്തി (എൻപിഎ) 4.30 ശതമാനത്തിൽനിന്ന് 163 പോയിന്റുകൾ കുറച്ച് 2.67 ശതമാനമായി. അറ്റ നിഷ്ക്രിയ ആസ്തി കഴിഞ്ഞ വർഷത്തെ 1.25 ശതമാനത്തിൽനിന്ന് 80 പോയിന്റുകൾ കുറച്ച് 0.45 ശതമാനമായി.

പലിശേതര വരുമാനം മുൻവർഷത്തേക്കാൾ 19 ശതമാനം വളർച്ച നേടി 409.22 കോടി രൂപയിൽനിന്ന് 485.93 കോടി രൂപയായി ഉയർന്നു. 2026 സാമ്പത്തികവർഷത്തിന്റെ മൂന്നാം പാദത്തിൽ ബാങ്ക് സാമ്പത്തിക പ്രവർത്തന ചെലവുകളിലെ വർധനവിനേക്കാൾ (3.61%) നേടി നെറ്റ് ടോട്ടൽ ഇൻകം (7.44%) വളർച്ച കൈവരിക്കാൻ ബാങ്കിന് സാധിച്ചു.എഴുതിത്തള്ളിയത് ഉൾപ്പെടാതെയുള്ള കിട്ടാക്കടങ്ങളുടെ നീക്കിയിരുപ്പ് അനുപാതം (പി.സി.ആർ) മുൻവർഷത്തെ 71.73 ശതമാനത്തിൽനിന്ന് 1177 പോയിന്റുകൾ വർദ്ധിച്ച് 83.5 ശതമാനമായി. എഴുതിത്തള്ളിയത് ഉൾപ്പെടെയുള്ള പി.സി.ആർ 81.07 ശതമാനത്തിൽനിന്ന് 1050 പോയിന്റുകൾ ഉയർന്ന് 91.57 ശതമാനമായി. ആസ്തിയിന്മേലുള്ള വരുമാനം 1 ശതമാനമായി തുടരുന്നു. പുതിയ നിഷ്ക്രിയ ആസ്തികളുടെ നിരക്കിനെ സൂചിപ്പിക്കുന്ന സ്ലിപ്പേജ് അനുപാതം 0.33 ശതമാനത്തിൽ നിന്ന് 17 പോയിന്റുകൾ കുറച്ച് 0.16 ശതമാനമായി.

വാഹന വായ്പകൾ ഉയർന്നു. ബാങ്കിന്റെ മികച്ച തന്ത്രങ്ങൾ ഈ കാലയളവിലെ ശക്തമായ ബിസിനസ് പ്രകടനത്തിന് അടിത്തറയായെന്ന് ബാങ്കിന്റെ എം.ഡിയും സി.ഇ.ഒയുമായ പി.ആർ. ശേഷാദ്രി പറഞ്ഞു.

# ഫെഡറൽ ബാങ്കിന്റെ അറ്റാദായത്തിൽ 9% വർദ്ധനവ്

**കൊച്ചി:** 2025 ഡിസംബർ 31 ന് അവസാനിച്ച സാമ്പത്തിക വർഷത്തെ മൂന്നാം പാദത്തിൽ ഫെഡറൽ ബാങ്കിന്റെ മൊത്തം ബിസിനസ് 553364.49 കോടി രൂപയായി ഉയർന്നു. 1729.33 കോടി രൂപയാണ് പ്രവർത്തന ലാഭം. ചരിത്രത്തിലെ ഏറ്റവുമുയർന്ന ത്രൈമാസിക പ്രവർത്തന ലാഭമാണിതെന്ന് ബാങ്കിന്റെ എംഡിയും സി.ഇ.ഒയുമായ കെ.വി.എസ് മണിയൻ പറഞ്ഞു. 1041.21 കോടി രൂപയാണ് അറ്റാദായം. ബാങ്കിന്റെ അടിസ്ഥാനസമവാക്യങ്ങൾ തുടർന്നും ശക്തിപ്പെടുന്നു എന്നതിന്റെ സൂചകമാണ് മൂന്നാം പാദ ഫലങ്ങൾ. കഴിഞ്ഞ ചില പാദങ്ങളായി പാലിച്ച അച്ചടക്കത്തിന്റെയും ശ്രദ്ധാപൂർവ്വമായ നിർവഹണത്തിന്റെയും നേർഫലങ്ങളാണ് മാർജിനുകളുടെ മെച്ചപ്പെടൽ, ഫണ്ടിംഗ് ചെലവിൽ വന്ന കുറവ്, ആസ്തി ഗുണനിലവാരത്തിലെ സ്ഥിരത എന്നിവയെന്നും കെ.വി.എസ് മണിയൻ പറഞ്ഞു. ബാങ്കിന്റെ മൊത്തം ബിസിനസ് വാർഷികാടിസ്ഥാനത്തിൽ 11.40 ശതമാനം വർധിച്ച് 553364.49 കോടി രൂപയിലെത്തി. മുൻവർഷം ഇതേ പാദത്തിൽ 266375.43 കോടി രൂപയായിരുന്ന നിക്ഷേപം 11.80 ശതമാനം വർദ്ധനവോടെ 297795.82 കോടി രൂപയായി.

വായ്പാ വിതരണത്തിലും ബാങ്കിന് മികച്ച വളർച്ച കൈവരിക്കാൻ സാധിച്ചു. ആകെ വായ്പ 255568.67 കോടി രൂപയായി വർധിച്ചു. 10.94 ശതമാനമാണ് വാർഷികാടിസ്ഥാനത്തിലുള്ള വളർച്ചാനിരക്ക്. അറ്റ പലിശ മാർജിൻ 3.18 ശതമാനമായി വർധിച്ചുചരിത്രത്തിലെ ഏറ്റവുമുയർന്ന അറ്റപലിശവരുമാനമാണ് ബാങ്ക് കൈവരിച്ചത്. വാർഷികാടിസ്ഥാനത്തിൽ 9.11 ശതമാനം വർധനയോടെ അറ്റപലിശവരുമാനം 2652.73 കോടി രൂപയിലെത്തി. ഫീ വരുമാനവും ചരിത്രത്തിലെ ഏറ്റവുമുയർന്നതാണ്. 18.57 ശതമാനം വർദ്ധനവോടെ 896.47 കോടി രൂപയായി. 4446.86 കോടി രൂപയാണ് ബാങ്കിന്റെ മൊത്ത നിഷ്ക്രിയ ആസ്തി. മൊത്തം വായ്പകളുടെ 1.72 ശതമാനമാണിത്. അറ്റനിഷ്ക്രിയ ആസ്തി 1068.04 കോടി രൂപയാണ്. മൊത്തം വായ്പകളുടെ 0.42 ശതമാനമാണിത്. 75.14 ശതമാനം ആണ് നീക്കിയിരുപ്പ് അനുപാതമെന്നും അദ്ദേഹം പറഞ്ഞു.




# 30 പുതിയ ഉൽപന്നങ്ങൾ വിപണിയിലേക്ക് എത്തിച്ച് കുടുംബശ്രീ

**കൊച്ചി:** കുടുംബശ്രീയുടെ ‘കെ-ഇനം’ എന്ന പുതിയ ബ്രാൻഡിൽ തയ്യാറാക്കിയ 30 കാർഷിക മൂല്യവർധിത ഭക്ഷ്യവിഭവങ്ങൾ വിപണിയിലിറക്കി.നടുമ്പാശ്ശേരി ഫ്ളോറ കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ മന്ത്രി എം.ബി രാജേഷ് ഭക്ഷ്യ വിഭവങ്ങളുടെ ലോഞ്ചിംഗ് നിർവ്വഹിച്ചു. പഴം, പച്ചക്കറികൾ തുടങ്ങിയവ മൂല്യ വർദ്ധിത വസ്തുക്കൾ ആക്കാൻ കഴിയുമോ എന്ന ചോദ്യത്തിന് ഉത്തരം കൂടി മുന്നോട്ടു വയ്ക്കുകയാണ് കുടുംബശ്രീ. കപ്പ, വാഴപ്പഴം, ചേമ്പ് എന്നിവ കൊണ്ടുള്ള ചിപ്സുകളും , ന്യൂട്രിമിക്സ് പൗഡറുകളും മുരിങ്ങയില ഉപയോഗിച്ചു കൊണ്ടുള്ള ഉൽപ്പന്നങ്ങളും വിപണിയിലേക്ക് എത്തിക്കുകയാണ്. കുടുംബശ്രീ കാർഷിക സംഘങ്ങൾക്കും , ഉൽപ്പാദന യൂണിറ്റുകൾക്കും, സംരംഭകർക്കും കൃത്യമായ പരിശീലനം നൽകിയാണ് കെ-ഇനം എന്ന പ്രീമിയം ബ്രാൻഡ് വിപണിയിലേക്ക് എത്തിച്ചിരിക്കുന്നത്.

കുടുംബശ്രീ ‘കെ-ഇനം’ മൂല്യവർധിത ഉൽപ്പന്നങ്ങൾ ആഗോള വിപണിയിൽ കോർപ്പറേറ്റ് ഉൽപ്പന്നങ്ങൾക്ക് ബദലാകുമെന്ന് മന്ത്രി പറഞ്ഞു. പുതിയ കാലത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കാൻ കുടുംബശ്രീയെ പ്രാപ്തമാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ‘കെ-ഇനം’ ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതു വഴി പുതിയ ചരിത്രം രചിക്കുകയാണ് കുടുംബശ്രീ. കഴിഞ്ഞ ജൂണിൽ ആരംഭിച്ച കുടുംബശ്രീ ടെക്നോളജി അഡ്വാൻസ്മെന്റ് പ്രോഗ്രാം(കെ-ടാപ്) വഴി ഒരു വർഷം പൂർത്തിയാകും മുമ്പ് മുപ്പത് വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ ആഗോള വിപണിയിലെത്തിക്കാൻ കഴിഞ്ഞത് വലിയ നേട്ടമാണ്. പ്രമുഖ കാർഷിക, വ്യാവസായിക, സാങ്കേതിക ഗവേഷണ സ്ഥാപനങ്ങളായ സി.എസ്.ഐ.ആർ, ഐ.സി.എ.ആർ, എൻ.ഐ.എഫ്.ടി.ഇ.എം, കാർഷിക സർവകലാശാലകൾ എന്നിവിടങ്ങളിൽ നിന്നും നേടിയ ഭക്ഷ്യസാങ്കേതിക വിദ്യകളിൽ കെ-ടാപ് പദ്ധതി വഴി സംരംഭകർക്ക് പരിശീലനം നൽകിയാണ് കെ-ഇനം ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ വിപണിയിലേക്ക് എത്തിച്ചിരിക്കുന്നത്. കുടുംബശ്രീയുടെ ഓൺലൈൻ വിപണന മാർഗങ്ങൾ ഉൾപ്പെടെ സാധ്യമായ എല്ലാ വിപണിയും കണ്ടെത്തുമെന്നും മന്ത്രി പറഞ്ഞു. കെ-ടാപ് പദ്ധതിയുടെ രണ്ടാം ഘട്ട പ്രഖ്യാപനവും , യുക്തി സ്റ്റാർട്ടപ് ശൃംഖലയുടെയും തദ്ദേശീയ മേഖലയിലെ, ‘ട്രൈബ്രാൻഡ്’, കുടുംബശ്രീ ഉൽപ്പന്നങ്ങൾ ഉൾപ്പെടുത്തി വിപണനം ആരംഭിക്കുന്ന പ്രത്യേക ഗിഫ്റ്റ് ബോക്സ് എന്നിവയുടെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു. അങ്കമാലി നഗരസഭാധ്യക്ഷ റീത്താ പോൾ അധ്യക്ഷയായി. റോജി എം.ജോൺ എം.എൽ.എ, കുടുംബശ്രീ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ ഡോ. എസ്.ഷാനവാസ് തുടങ്ങിയവർ സംസാരിച്ചു.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്‍ർ എച്ച്. ദിനേശൻ, ജില്ലാ കളക്ടർ ജി.പ്രിയങ്ക, സ്റ്റേറ്റ് പ്ളാനിങ്ങ് ബോർഡ് അംഗം ഡോ.ജിജു പി.അലക്സ്, കാർഷിക വിഭാഗം ചീഫ് എസ്.എസ് നാഗേഷ്, ലാൻഡ് യൂസ് ബോർഡ് കമ്മീഷണർ യാസ്മിൻ എൽ.റഷീദ്, എസ്.എഫ്.എ.സി കേരള മാനേജിങ്ങ് ഡയറക്ടർ എസ്. രാജേഷ് കുമാർ, ഡിവിഷൻ കൗൺസിലർ ടി.വൈ ഏലിയാസ് , കുടുംബശ്രീ ജില്ലാ മിഷൻ കോ ഓഡിനേറ്റർ ടി.എം റെജീന, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പി .എ നജീബ്, ജില്ലാ പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ സഞ്ജു സൂസൻ മാത്യു, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എൻ.ബിബിജു, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ കെ.ജി മനോജ്, നബാർഡ് ഡി.ഡി.എം അജീഷ് ബാലു, സി.ഡി.എസ് അധ്യക്ഷ ലില്ലി ജോണി എന്നിവർ പങ്കെടുത്തു.

# മുത്തൂറ്റ് മൈക്രോഫിന്നിന് രണ്ട് പുരസ്കാരങ്ങൾ

**കൊച്ചി:** മുത്തൂറ്റ് മൈക്രോഫിൻ രണ്ട് ദേശിയ പുരസ്ക്കാരങ്ങൾ കരസ്ഥമാക്കി. മുത്തൂറ്റ് മൈക്രോഫിൻ ഫിനാൻഷ്യൽ ഇൻക്ലൂഷൻ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ദി ഇയർ’, ’റെസ്പോൺസിബിൾ ഫിനാൻസ് ഫോർ സസ്റ്റൈനബിലിറ്റി’ എന്നീ പുരസ്ക്കാരങ്ങളാണ് മുത്തൂറ്റ് മൈക്രോഫിൻ കരസ്ഥമാക്കിയത്. മുംബൈയിൽ നടന്ന ഗ്ലോബൽ ഇൻക്ലൂഷൻ ഫിനാൻസ് ഉച്ചകോടിയിൽ 2026ൽ കേന്ദ്ര സർക്കാരിന്റെ ധനകാര്യ മന്ത്രാലയത്തിന് കീഴിലുള്ള സാമ്പത്തികകാര്യ വകുപ്പിലെ മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് ഡോ. വി. അനന്ത നാഗേശ്വരൻ, എസിസിഇഎസ്എസ് ഡെവലപ്മെന്റ് സർവീസസ് സിഇഒ വിപിൻ ശർമ്മ, എച്ച്എസ്ബിസി ഇന്ത്യയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഹിതേന്ദ്ര ദവെ എന്നിവർ ചേർന്ന് പുരസ്ക്കാരങ്ങൾ സമ്മാനിച്ചു. കേന്ദ്ര ധനമന്ത്രാലയം, എച്ച്എസ്ബിസി എന്നിവയുമായി സഹകരിച്ച് എസിസിഇഎസ്എസ് ഡെവലപ്മെന്റ് സർവ്വീസസാണ് പരിപാടി സംഘടിപ്പിച്ചത്. ഇന്ത്യയുടെ സാമ്പത്തിക ഉൾക്കൊള്ളൽ അജണ്ട മുന്നോട്ടുകൊണ്ടുപോകുന്നതിൽ മൈക്രോഫിനാൻസ് നിർണായക പങ്ക് വഹിക്കുന്ന ഈ സമയത്ത് ഈ അംഗീകാരങ്ങൾ ലഭിച്ചതിൽ വലിയ അഭിമാനമുണ്ടെന്ന് മുത്തൂറ്റ് മൈക്രോഫിൻ സി.ഇ.ഒ സദാഫ് സയീദ് പറഞ്ഞു.

# ചാർട്ടർ ഡേ ആഘോഷിച്ചു



**കൊച്ചി:** റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ലോഡ്സിന്റെ ചാർട്ടർ ഡേ ആഘോഷം ചാർട്ടർ പ്രസിഡന്റ് കെ.വി തോമസ് കേക്ക് മുറിച്ച് ഉദ്ഘാടനം ചെയ്തു. റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ലോഡ്സ് പ്രസിഡന്റ് റൊട്ടേറിയൻ ജോജി ഗീവർഗീസ്, ജി.എസ്.ആർ ലീലാമ്മ തോമസ്, ക്ലബ് സെക്രട്ടറി വിഷ്ണു ദാസ്, ട്രഷറർ കെ. എം ഉണ്ണി, മുൻ പ്രസിഡന്റുമാരായ റൊട്ടേറിയൻ കെ.വി കൃഷ്ണകുമാർ, അനിൽ ചാക്കോ , വിപിൻ പി വർഗീസ്, മനോഹരൻ നായർ, ജയരാജ് തുടങ്ങിയവർ പങ്കെടുത്തു.




# സെൽഫി വിത്ത് കെ-ഫോൺ: ഡിജിറ്റൽ കോണ്ടെസ്റ്റുമായി കെ-ഫോൺ

**തിരുവനന്തപുരം:** ഉപഭോക്താക്കൾക്കായി ആകർഷകമായ ഡിജിറ്റൽ കോണ്ടെസ്റ്റ് അവതരിപ്പിച്ച് കെ-ഫോൺ. ’സെൽഫി വിത്ത് കെ ഫോൺ’ എന്ന പേരിൽ ആരംഭിച്ച ഈ മത്സരത്തിലൂടെ തിരഞ്ഞെടുക്കുന്ന വിജയികൾക്ക് ഒരു വർഷത്തെ കെ ഫോൺ ഒ.ടി.ടി. പാക്ക് പൂർണമായും സൗജന്യമായി ലഭിക്കുന്നതാണ്. മത്സരത്തിൽ പങ്കെടുക്കുന്നതിനായി, കെ-ഫോൺ ഉപഭോക്താക്കൾ അവരുടെ കെ-ഫോൺ മോഡത്തിനൊപ്പം ഒരു സെൽഫി എടുക്കണം. സെൽഫിയിൽ മോഡത്തിലെ കെ-ഫോൺ ബ്രാൻഡ് ലോഗോ വ്യക്തമായി ദൃശ്യമാകുന്നുവെന്ന് ഉറപ്പാക്കിയതിനു ശേഷം ആ സെൽഫി കെ-ഫോണിന്റെ ഔദ്യോഗിക സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളായ ഇൻസ്റ്റാഗ്രാം അല്ലെങ്കിൽ ഫേസ്ബുക്ക് എന്നിവയിൽ പോസ്റ്റ് ചെയ്ത് കെ-ഫോണിന്റെ ഔദ്യോഗിക സോഷ്യൽ മീഡിയ പേജ് ആയ @kfonofficial ടാഗ് ചെയ്യണം. കൂടാതെ #SelfieWithKFON എന്ന ഹാഷ്ടാഗ് ചേർക്കുകയും വേണം. ഉപഭോക്താക്കളുമായി ഡിജിറ്റൽ തലത്തിൽ കൂടുതൽ അടുത്ത ബന്ധം സ്ഥാപിക്കാനും കെ-ഫോണിന്റെ സേവനങ്ങളെ കൂടുതൽ ജനകീയമാക്കാനുമുള്ള ശ്രമങ്ങളുടെ ഭാഗമായാണ് ഈ കോണ്ടെസ്റ്റ് സംഘടിപ്പിക്കുന്നതെന്ന് അധികൃതർ അറിയിച്ചു. ഫെബ്രുവരി 5ന് കെ-ഫോൺ ഔദ്യോഗിക പേജിലൂടെ തത്സമയം വിജയികളെ പ്രഖ്യാപിക്കും. കൂടുതൽ വിവരങ്ങൾക്കും ഭാവിയിലെ മറ്റ് അപ്ഡേറ്റുകൾക്കുമായി കെ ഫോണിന്റെ ഔദ്യോഗിക സോഷ്യൽ മീഡിയ പേജുകൾ പിന്തുടരണമെന്നും അധികൃതർ അറിയിച്ചു.

KFON INTERNET - A BASIC RIGHT